## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ :95** 12-03-2015-ൽ മറുപടിക്ക്

നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധന

**ചോദ്യം**

ശ്രീമതി.കെ.കെ.ലതിക
ശ്രീ.പി.കെ.ഗുരുദാസൻ
ശ്രീമതി.പി. അയിഷാ പോറ്റി
,, കെ.എസ്.സലീഖ

**ഉത്തരം**

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധന തടയുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കാതിരിയ്ക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല |
| (ബി) | മാർക്കറ്റിൽ ഇടപെടുന്നതിനായി ഈ സാമ്പത്തിക വർഷം സപ്ലൈകോയ്ക്ക് എന്തു തുകയാണ് നൽകിയതെന്ന് വ്യക്തമാക്കുമോ ; | (ബി) | കമ്പോള ഇടപെടലിനായി സപ്ലൈകോയ്ക്ക് ഈ സാമ്പത്തികവർഷം ഇതുവരെ 70 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| (സി) | പൊതുവിതരണ ശൃംഖല വഴി വിതരണം ചെയ്യുന്ന ഉല്പന്നങ്ങളുടെ സബ് സിഡി പിൻവലിച്ചുകൊണ്ട് വില വർദ്ധിപ്പിച്ചത്, പൊതുമാർക്കറ്റിൽ വില വർദ്ധിക്കാൻ ഇടയായിട്ടുള്ള കാര്യം പരിശോധിച്ചിട്ടുണ്ടോ ; ഈ സാഹചര്യത്തിൽ ഉല്പന്നങ്ങളുടെ വർദ്ധിപ്പിച്ച വില കുറയ്ക്കുന്നതിന് തയ്യാറാകുമോ; | (സി) | കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമാണ്. അന്യ സംസ്ഥാനങ്ങളിലുണ്ടാകുന്ന അവശ്യസാധനങ്ങളുടെ ദൗർലഭ്യം, വിളനാശം, കാലാവസ്ഥാ വ്യതിയാനം, കടത്തുകൂലി വർദ്ധനവ് മുതലായ കാരണങ്ങളാൽ കേരളത്തിൽ നിത്യോപയോഗ സാധനങ്ങൾക്ക് വില വർദ്ധനവ് ഉണ്ടായിട്ടുണ്ട്. സപ്ലൈകോ വാങ്ങൽ വില, കടത്തുകൂലി, കയറ്റിറക്കുകൂലി, അഡ്മിനിസ്ട്രേറ്റീവ് ചിലവുകൾ എന്നിവ മാസംതോറും കൂടിക്കോണ്ടിരിക്കുകയും വില്പന വില കൂട്ടാതിരിക്കുകയും ചെയ്തതുമൂലം നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതു മൂലമുള്ള നഷ്ടം വളരെയധികം വർദ്ധിക്കുകയും ഇത് സപ്ലൈകോയുടെ മാർക്കറ്റിടപെടൽ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള പ്രതിദിന പ്രവർത്തനങ്ങളെ ബാധിക്കുന്ന രീതിയിൽ വളരുകയും ചെയ്തതുകൊണ്ടാണ് സർക്കാർ, സബ്സിഡി സാധനങ്ങളുടെ വില്പനവില പുനർനിർണ്ണയിച്ചത്. അല്ലാതെ സബ്സിഡി പിൻവലിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| | | | ഇപ്രകാരം വിൽപ്പനവില പുനർനിർണ്ണയിച്ചതിനു ശേഷവും സപ്ലൈകോയുടെ സബ്സിഡി വില പൊതുവിപണിയേക്കാളും ശരാശരി 20 % മുതൽ 30 % വരെ കുറവാണ്. സബ്സിഡി അൽപം കുറച്ച് തടസ്സമില്ലാതെ സാധനങ്ങൾ വിതരണം ചെയ്യുന്നതുമൂലം അവശ്യ സാധനങ്ങളുടെ ലഭ്യത കമ്പോളത്തിൽ ഉറപ്പാക്കുന്നതിനും ഇവയുടെ പൊതുവിപണി വിലയിലെ അനിയന്ത്രിതമായ വില വർദ്ധനവ് നിയന്ത്രിക്കുന്നതിനും സാധിച്ചിട്ടുണ്ട്. സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന സാധനങ്ങളുടെ വില പുനർനിർണ്ണയിച്ചതോടൊപ്പം തടസ്സമില്ലാതെ ഇവയുടെ ലഭ്യതയും ഉറപ്പാക്കുന്നത് യുക്തിസഹമായ സമീപനത്തോടെയുള്ള വിപണിയിടപെടൽ നയത്തിന്റെ ഭാഗമാണ്. |
| (ഡി) | സപ്ലൈകോയ്ക്ക് ഫണ്ട് നൽകുന്നതിൽ കുടിശ്ശികയുണ്ടോ; വിശദമാക്കാമോ ? | (ഡി) | ഉണ്ട്. 2008 - 2009 സാമ്പത്തിക വർഷം മുതൽ 2014 - 2015 സാമ്പത്തിക വർഷത്തിലെ ഡിസംബർ 2014 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ മാർക്കറ്റിടപെടൽ ബി.പി.എൽ കുടുംബങ്ങൾക്ക് നൽകിയ സൗജന്യ കിറ്റ്, സ്പെഷ്യൽ പഞ്ചസാരയുടെ വിതരണം എന്നിവയ്ക്ക് സർക്കാർ അനുവദിച്ച തുകയ്ക്കു ഉപരിയായി സപ്ലൈകോ ചെലവഴിച്ച തുകയുടെ കണക്കുകൾ ചുവടെ ചേർക്കുന്നു. |

| No | Year | Amount due from Govt. (Rs.in crores) |
|---|---|---|
| 1 | 2008-09 | 31.22 |
| 2 | 2009-10 | 123.33 |
| 3 | 2010-11 | 42.50 |
| 4 | 2011-12 | 46.61 |
| 5 | 2012-13 | 153.55 |
| 6 | 2013-14 | 204.07 |
| 7 | 2014-15 upto (Dec -14) | 160.46 |
| | **Total** | **761.74** |

സപ്ലൈകോയ്ക്ക് സർക്കാരിൽ നിന്നും 2013-14 ഖാരിഫ് സീസൺ മുതൽ 10-03-2015 വരെ നെല്ല് സംഭരണ ഇനത്തിൽ 233.86 കോടി രൂപ നല്കാനുണ്ട്.

Beena

സെക്ഷൻ ഓഫീസർ